(ബി) പീഡനത്തിന് ഇരയായവരുടെ പരാതികൾ ഒതുക്കി തീർക്കാൻ പോലീസ് കൂട്ടുനിൽക്കുന്നതായുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതു സംബന്ധിച്ച് പരാതികൾ ശ്രദ്ധയിൽപ്പെട്ടയുടൻ തന്നെ കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്. പ്രസ്തുത സംഭവത്തിൽ പ്രതികളായ (1) ഷംസുദ്ദീൻ, (2) മുബഷീർ എന്നിവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ടി കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥൻ ഇപ്പോൾ നാദാപുരം പോലീസ് ഇൻസ്പെക്ടർ ശ്രീ. എ. എസ്. സുരേഷ് ആണ്. ഇതു സംബന്ധിച്ച കേസ് സംസ്ഥാന പോലീസ് മേധാവിയുടെ ഡി3/13476/2014 പി.എച്ച്.ക്യു. തീയതി 27-11-2014 പ്രകാരം ക്രൈം ബ്രാഞ്ച് വിഭാഗത്തിന് അന്വേഷണത്തിനായി കൈമാറിയിട്ടുണ്ട്. കൂടാതെ മുനീർ എന്നയാളിനെ പ്രതിയാക്കി യഥാർത്ഥ പ്രതികളെ രക്ഷപ്പെടുത്തുവാൻ ശ്രമിച്ചു എന്നാരോപിച്ചുകൊണ്ടുള്ള പരാതി നാദാപുരം ഡി.വൈ.എസ്.പി. അന്വേഷിച്ചുവരുന്നു.

(ഡി) മേൽ കേസുമായി ബന്ധപ്പെട്ട് മുനീർ എന്നയാളെ സ്റ്റേഷനിൽ വെച്ച് മൂന്നാംമുറയ്ക്ക് വിധേയനാക്കിയിട്ടില്ല. പ്രസ്തുത കേസുമായി ബന്ധപ്പെട്ട് അന്വേഷണാർത്ഥം ടിയാനെ സ്റ്റേഷനിൽ വിളിച്ചുവരുത്തി മൊഴി രേഖപ്പെടുത്തി വിട്ടയച്ചിട്ടുള്ളതാണ്.

(ഇ) നിരപരാധിയെ പ്രതിയാക്കാൻ ശ്രമിക്കുകയോ അതിക്രൂരമായി മർദ്ദിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ നടപടികൾ സ്വീകരിച്ചിട്ടില്ല.

കതിരൂരിൽ കൊല്ലപ്പെട്ട മനോജിന്റെ കേസ്

220 (221) <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കതിരൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ കൊല്ലപ്പെട്ട മനോജ് എത്ര കേസുകളിൽ പ്രതിയായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് ഏതെല്ലാം പോലീസ് സ്റ്റേഷൻ പരിധിയിലാണെന്നും, ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ്സ് രജിസ്റ്റർ ചെയ്തത് എന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ;

(സി) ഇതിൽ കോടതി നടപടി പൂർത്തിയായ കേസ്സുകളും പൂർത്തിയാകാത്ത കേസ്സുകളും ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ; വിശദാംശം വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) 15 കേസുകളിൽ പ്രതിയായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി & സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

പട്ടാമ്പി പോലീസ് സ്റ്റേഷൻ വിഭജനം

221 (222) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി പോലീസ് സ്റ്റേഷൻ വിഭജിച്ച് കൊപ്പം സ്റ്റേഷൻ രൂപവൽക്കരിക്കുമോ;

(ബി) ഏറ്റവും വലിയ സ്റ്റേഷനുകളിൽ ഒന്നാണ് പട്ടാമ്പി എന്നത് കണക്കിലെടുത്ത് അടിയന്തരമായി കൊപ്പം സ്റ്റേഷൻ യാഥാർത്ഥ്യമാക്കുമോ ?

ഉത്തരം

(എ & ബി) പുതുതായി ആരംഭിയ്ക്കേണ്ട പോലീസ് സ്റ്റേഷനുകളുടെ ഒരു മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നതിനായി ഒരു പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ പി. & എ. ആർഡിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ട് ലഭ്യമായ ശേഷം പട്ടാമ്പി പോലീസ് സ്റ്റേഷൻ വിഭജിച്ച് കൊപ്പം പോലീസ് സ്റ്റേഷൻ രൂപീകരിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

മാഞ്ഞൂർ പോലീസ് സ്റ്റേഷൻ രൂപീകരണം

222 (223) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ കടുത്തുരുത്തി മണ്ഡലത്തിലെ മാഞ്ഞൂർ പോലീസ് സ്റ്റേഷൻ രൂപീകരിക്കുന്നതു സംബന്ധിച്ചുള്ള സ്റ്റേറ്റ് പോലീസ് ചീഫ് (എസ്.പി.സി.) റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ബി) എസ്. പി. സി. റിപ്പോർട്ട് ലഭിക്കുന്നതിന് അടിയന്തര പ്രാധാന്യം നൽകുമോ ; ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത പോലീസ് സ്റ്റേഷന് തസ്തിക സൃഷ്ടിക്കൽ ആവശ്യമാണോ ; എങ്കിൽ എത്ര തസ്തിക സൃഷ്ടിക്കണം ; വിശദമാക്കാമോ ?

ഉത്തരം

(എ & ബി) ലഭിച്ചിട്ടില്ല. മാഞ്ഞൂർ പോലീസ് സ്റ്റേഷൻ ആരംഭിയ്ക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുവാൻ വകുപ്പുതലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly